# കെ.എസ്.ടി.എ പ്രക്ഷോഭത്തിലേക്ക്

- ☞ പൊതുവിദ്യാഭ്യാസം തകർക്കുന്ന അശാസ്ത്രീയ പരിഷ്കാരങ്ങൾ നിർത്തിവെക്കുക
- ☞ ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി മേഖലകളെ തകർക്കാനുള്ള നീക്കം ഉപേക്ഷിക്കുക

സുഹൃത്തുക്കളേ,

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽ സംഘർഷാവസ്ഥ തിരിച്ചുവന്നിരിക്കുന്നു. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറഞ്ഞനാളുകൾക്കുള്ളിൽത്തന്നെ ഈ ദുഃസ്ഥിതി വന്നുചേർന്നിരിക്കുകയാണ്.

കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ എൽ.ഡി.എഫ്. ഭരണം കേരളത്തിന്റെ സാമൂഹ്യമണ്ഡലത്തിൽ വിസ്മയിപ്പിക്കുന്ന നേട്ടങ്ങൾ അടയാളപ്പെടുത്തി. പൊതുവിദ്യാഭ്യാസമേഖലയിൽ, വിശേഷിച്ചും ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി മേഖലകളിൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. ആയിരക്കണക്കിന് അധ്യാപകനിയമനങ്ങൾ നടന്നു. തസ്തിക സൃഷ്ടിച്ച് പ്രിൻസിപ്പൽ നിയമനം നടന്നു. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏർപ്പെടുത്തിയ നിയമനനിരോധനകാലത്ത് നിയമിക്കപ്പെട്ട അധ്യാപകർക്ക് എല്ലാ സർവീസ് ആനുകൂല്യങ്ങളും നൽകി. വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിൽ ആദ്യമായി പി.എസ്.സി.വഴി നിയമനം നടത്തി. ദേശീയ അംഗീകാരം നേടുന്ന തരത്തിൽ രണ്ടു മേഖലകളിലും ഏകജാലക പ്രവേശനപ്രക്രിയ ഏർപ്പെടുത്തി. ശമ്പളപരിഷ്ക്കരണം ക്ഷാമബത്ത തുടങ്ങിയ വിഷയങ്ങളിൽ സമയബന്ധിതമായും തർക്കരഹിതമായും തീരുമാനങ്ങളെടുത്തു. ഇങ്ങനെ നേട്ടങ്ങളുടെ പട്ടിക നീണ്ടുപോവുകയാണ്.

**ശമ്പളപരിഷ്ക്കരണം**

ശമ്പളപരിഷ്ക്കരണത്തിനായി എൽ.ഡി.എഫ്. സർക്കാർ നിയോഗിച്ച കമ്മീഷന് മുമ്പാകെ സമഗ്രമായ നിർദ്ദേശങ്ങളാണ് കെ.എസ്.ടി.എ. സമർപ്പിച്ചത്. മറ്റു സംഘടനകൾ മുന്നോട്ടുവെച്ചതിനേക്കാൾ മെച്ചപ്പെട്ട നിരക്കുകൾ കെ.എസ്.ടി,എ. നിർദ്ദേശിച്ചു. എന്നാൽ ഹയർസെക്കന്ററി- വൊക്കേഷണൽ ഹയർസെക്കന്ററി അധ്യാപകരുൾപ്പെടെ ചില തസ്തികകളിൽ ശമ്പളതുല്യത നഷ്ടമായി. നഷ്ടപ്പെട്ട ശമ്പളതുല്യത തിരിച്ച് നൽകാമെന്ന്, കെ.എസ്.ടി.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ധാരണയായി. ശ്രീമതി.ഡി.ശ്യാമയുടെ നേതൃത്വത്തിൽ രൂപീകരിച്ച അനോമലി കമ്മിറ്റിക്കായി ഓഫീസും ജീവനക്കാരേയും അനുവദിച്ചു. അനോമലികൾ പരിഹരിക്കാൻ ആവശ്യമായ ഫണ്ടും നീക്കിവെച്ചു. എന്നാൽ, യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതോടെ ആദ്യം ചെയ്തത് ഈ അനോമലി കമ്മിറ്റിയെ നിഷ്ക്രിയമാക്കുകയാണ്. ജീവനക്കാരെ പിൻവലിച്ചും ഓഫീസ് സൗകര്യങ്ങൾ തിരിച്ചെടുത്തും കമ്മിറ്റിയെ നിശ്ചലമാക്കി. എന്നാൽ തങ്ങൾക്ക് താൽപര്യമുള്ള ചില മേഖലകളിൽ ഉയർന്ന ശമ്പളനിരക്കുകളുള്ള ഏതാനും തസ്തികകളിൽ തുല്യത ഉറപ്പാക്കാൻ സർക്കാർ തയ്യാറായി. ശമ്പള പരിഷ്ക്കരണ ഘട്ടത്തിൽ എൽ.ഡി.എഫ് സർക്കാരിനും കെ.എസ്.ടി.എ യ്ക്കുമെതിരായി വാളോങ്ങിവന്നവരെയൊന്നും ഈ ഘട്ടത്തിൽ കാണാനേയില്ല. യു.ഡി.എഫ് നേതാക്കൾ അന്ന് പ്രസംഗിച്ചത് ആരും മറന്നുപോകാനിടയില്ലെന്ന് കരുതുന്നു. അധ്യാപകരെ ആട്ടിത്തെളിച്ച് യി.ഡി.എഫിന്റെ അറവുശാലയിലെത്തിച്ചവർ തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യം വിജയിച്ചതിന്റെ ആഹ്ലാദത്തിൽ മൗനമാചരിക്കുകയാണ്. ശമ്പളതുല്യതയ്ക്കുവേണ്ടിയുള്ള പോരാട്ടം അതുകൊണ്ടുതന്നെ മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്.

**ഹയർസെക്കന്ററിയേയും വൊക്കേഷണൽ ഹയർസെക്കന്ററിയേയും തകർക്കാനുള്ള പുതിയ പാക്കേജ്**

യു.ഡി.എഫ് സർക്കാർ അധ്യാപകരുടെ ജോലിസംരക്ഷണത്തിന് ഒരു പാക്കേജ് അവതരിപ്പിച്ചപ്പോൾ ഞങ്ങൾക്കും വേണം ഒരു പാക്കേജ് എന്ന് ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിലെ ചിലർ ആവശ്യപ്പെടുകയുണ്ടായി. ഇങ്ങനെ ആവശ്യപ്പെടാവുന്ന ആ പാക്കേജിന്റെ പൊള്ളത്തരങ്ങൾ ഇപ്പോൾ മിക്കവാറും ബോധ്യപ്പെട്ടിട്ടുണ്ട്. അവ കൊട്ടിഘോഷിച്ചിരുന്ന സംഘടനകളും പത്രമാധ്യമങ്ങളും ഈ പൊള്ളത്തരത്തെക്കുറിച്ചാണ് ഇന്ന് വാചാലമാകുന്നത്.

കൂട്ടത്തിൽ 9, 10 ക്ലാസുകൾ കൂടി ഹയർസെക്കന്ററിക്കൊപ്പം ചേർക്കുമെന്നും പ്രഖ്യാപിച്ചിരിക്കുന്നു. 9, 10 ക്ലാസുകളിൽ പഠിപ്പിക്കേണ്ടിവരുമെന്നും ഗസറ്റഡ് തസ്തിക കളയുമെന്നും മറ്റും പറഞ്ഞ് കെ.എസ്.ടി.എ ക്കെതിരെ പ്രചാരണം നടത്തിയവർക്ക് ഇന്ന് എന്തുപറയാനുണ്ട് എന്നറിയാൻ കൗതുകമുണ്ട്. സംയോജനത്തിന്റെ ഭാഗമായി എച്ച്.എസ്.എസ് മേഖലയിൽ അടുത്തകാലത്തൊന്നും നിയമനം നടക്കേണ്ടതില്ല എന്ന ഗൂഢലക്ഷ്യം സർക്കാരിനുണ്ട്. വൊക്കേഷണൽ ഹയർസെക്കന്ററിയുടെ പേരുപറഞ്ഞ് ഹയർസെക്കന്ററിയേയും തകർക്കുകയാണ് യു.ഡി.എഫ് സർക്കാരിന്റെ ലക്ഷ്യം. ഹയർസെക്കന്ററിയിൽ നിലവിലുള്ള കോമ്പിനേഷനുകളുടെ എണ്ണം കുറയ്ക്കാനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. കേരളത്തിലെ ഹയർസെക്കന്ററി പൊതുവേ മെച്ചപ്പെട്ട സ്വീകാര്യതയുള്ള സംവിധാനമാണ്. കോമ്പിനേഷനുകളുടെ എണ്ണം കുറയ്ക്കുന്നതിന്റെ പേരിൽ നിലവിലുള്ള സ്വീകാര്യതകൂടി ഇല്ലാതാക്കാനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. സി.ബി.എസ്.ഇ സ്കൂളുകളിലെ ഹയർസെക്കന്ററിക്കുവേണ്ടി നമ്മുടെ സംവിധാനത്തെ ദുർബലപ്പെടുത്താൻ ശ്രമം നടക്കുന്നുണ്ട്.

വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങൾക്ക് കെ.എസ്.ടി.എ എതിരല്ല. ഇന്നത്തെ രീതിയിൽ വി.എച്ച്.എസ്.ഇ മേഖല തുടരുന്നത് ആശാസ്യമല്ലെന്ന് ആരും സമ്മതിക്കും. എന്നാൽ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കും മുമ്പ് ആരോടാണ് ആലോചിച്ചത്? 398 വിദ്യാലയങ്ങളിലായി പഠിക്കുന്ന 50000 ത്തോളം കുട്ടികളെക്കുറിച്ചും അവിടെ ജോലിചെയ്യുന്ന 7000 ത്തോളം അധ്യാപക-അനധ്യാപകരെക്കുറിച്ചും എന്തേ ആലോചിക്കാത്തത്? ഹയർസെക്കന്ററിയുമായി സംയോജിപ്പിക്കുമ്പോൾ വൈവിധ്യമാർന്ന ഈ മേഖലയുടെ തനിമ നിലനിർത്താൻ സാധിക്കുമോ? തൊഴിൽ സുരക്ഷിതത്വം എത്രത്തോളം ഉറപ്പാക്കാൻ കഴിയും? ഇങ്ങനെയുള്ള നിരവധി ചോദ്യങ്ങൾ അവശേഷിക്കുകയാണ്. ഹയർസെക്കന്ററി വിദ്യാഭ്യാസം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ടെർമിനൽ ഘട്ടമായി മാറണം. ജീവിതായോധനത്തിന് പ്രാപ്തിനേടാൻ കഴിയുന്ന വിദ്യാഭ്യാസമാണ് ഹയർസെക്കന്ററി ഘട്ടത്തിൽ നൽകേണ്ടത്. ആയതിനാൽ വൈവിദ്ധ്യവൽക്കരണം ഈ ഘട്ടത്തിൽ ആവശ്യമാണ്. അക്കാദമിക് ശ്രേണിയും തൊഴിൽ ശ്രേണിയും പരസ്പര പൂരകമായി ഉദ്ഗ്രഥിക്കണം. പക്ഷേ ഇക്കാര്യങ്ങളിലെല്ലാം വിശദമായ ചർച്ചകളും അന്വേഷണങ്ങളും വേണം. അതൊന്നും നടത്താതെ ഏകപക്ഷീയമായ തീരുമാനങ്ങൾക്ക് കാതോർക്കാൻ കെ.എസ്.ടി.എ എന്ന സമരാധ്യാപകപ്രസ്ഥാനം തയ്യാറല്ല ആ മേഖലയിൽ നിലവിലുള്ള അധ്യാപകരുടെയും അനദ്ധ്യാപകരുടെയും തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കെ.എസ്.ടി.എ പ്രതിജ്ഞാബദ്ധമാണ്. കെ.എസ്.ടി.എ ഉയർത്തിയ ശക്തമായ പ്രതിഷേധത്തെതുടർന്ന് വി.എച്ച്.എസ്.ഇ മേഖല നിർത്തലാക്കാനുള്ള തീരുമാനം പിൻവലിച്ചിരിക്കുകയാണ്.

**പൊതുപ്രശ്നങ്ങൾ**

അഞ്ചുവർഷം സർവ്വീസുള്ള ജൂനിയർ അധ്യാപകർക്ക് സീനിയർ സ്കെയിലും മറ്റ് ആനുകൂല്യങ്ങളും നൽകുക എന്നത് ഏറെക്കാലമായി കെ.എസ്.ടി.എ ഉയർത്തുന്ന മുദ്രാവാക്യമാണ്. എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഇതിലേക്കായി വലിയ ശ്രമങ്ങൾ നടന്നു. വിശദമായ പഠനത്തിന് അന്നത്തെ ഹയർസെക്കന്ററി ഡയറക്ടറെ ചുമതലപ്പെടുത്തി. എന്നാൽ ആ ശ്രമങ്ങൾ അധികദൂരം മുന്നോട്ടുപോയില്ല. അടിയന്തിരമായി നടപടിയുണ്ടാകേണ്ട ഒരു പ്രശ്നമെന്ന നിലയ്ക്ക് ഇതിന് പരിഹാരമുണ്ടാവേണ്ടതാണ്.

ഹയർസെക്കന്ററി പ്രിൻസിപ്പൽമാർക്ക് തസ്തികയും സ്കെയിലും നൽകിയത് എൽ.ഡി.എഫ് സർക്കാരാണ്. അതോടൊപ്പം ഈ തസ്തിക അധിക തസ്തികയായി കണക്കാക്കാൻ എൽ.ഡി.എഫ് സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്ലേസ്മെന്റ് പ്രൻസിപ്പൽ പദവിയുടെ പ്രേതം ഇന്നും പിൻതുടരുകയാണ്. ടീച്ചിംഗ് പ്രിൻസിപ്പൽ എന്ന ദുഷ്പേര് ഒഴിവാക്കി അധികതസ്തികയായി കണക്കാക്കണം. ഈ ജോലിഭാരത്തിനൊപ്പമാണ് സന്മനസ്സുള്ള സഹപ്രവർത്തകർക്കൊപ്പം ഓഫീസ് ജോലികളും പ്രിൻസിപ്പൽ നോക്കിനടത്തുന്നത്. ആവശ്യമായ മിനിസ്റ്റീരിയൽ ജീവനക്കാരെ അനുവദിച്ചു നൽകണം. കഴിഞ്ഞ ശമ്പളകമ്മീഷൻ ഇക്കാര്യത്തിൽ നിർദ്ദേശം മുന്നോട്ടുവെച്ചിട്ടുണ്ടെങ്കിലും അവ പരിശോധിക്കാനോ നടപ്പിലാക്കാനോ യു.ഡി.എഫ് സർക്കാർ ശ്രമിക്കുന്നില്ല.

അധ്യാപകരുടെ പ്രൊബേഷൻ, സർവ്വീസ് റഗുലറൈസേഷൻ തുടങ്ങിയ കാര്യങ്ങളിൽ കഴിഞ്ഞ 5 വർഷക്കാലത്ത് വളരെയേറെ പുരോഗതിയുണ്ടായി. എന്നാൽ ഇന്ന് കാര്യങ്ങൾ വന്നു ചേർന്നിരിക്കുന്നത് ഒരുതരം നിശ്ചലാവസ്ഥയിലാണ്. മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്തെന്നതുപോലെ അഴിമതി എല്ലാമേഖലയിലും പടരുകയാണ്. ശാസ്ത്രീയമായ രീതിയിൽ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് അവതരിപ്പിച്ച ഓൺലൈൻ സ്ഥലംമാറ്റത്തിന്റെ അന്തഃസത്ത തകർന്നിരിക്കുന്നു. സ്പെഷ്യൽ ഓർഡറുകൾ പ്രവഹിക്കുന്നു. വ്യാജമായ വിവരങ്ങൾ ചേർത്തുകൊണ്ട് അനർഹരായ പലരും സ്ഥലംമാറ്റത്തിന് അർഹത നേടുന്നു. കെ.എസ്.ടി.എ നടത്തിയ കടുത്ത പ്രക്ഷോഭത്തെതുടർന്നാണ് സ്ഥലംമാറ്റപ്പട്ടിക തിരുത്താൻ തയ്യാറായത്.

അധികബാച്ചുകൾ അനുവദിക്കുന്നതിലെ അശാസ്ത്രീയത നിരവധി തൊഴിൽ പ്രശ്നങ്ങൾക്ക് വഴിവച്ചിരിക്കുകയാണ്. തസ്തിക അംഗീകരിക്കാത്തതിന്റെ ഭാഗമായി വർഷങ്ങളായി ശമ്പളം ലഭിക്കാതെ അധ്യാപകർ ജോലിചെയ്യേണ്ടിവരുന്നു. ഈ മേഖലയിലെ അധ്യാപകരുൾപ്പെടെ ജോലിസുരക്ഷാഭീക്ഷണി നേരിടേണ്ടിവരുന്ന രീതിയിൽ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ വിദ്യാലയങ്ങൾക്ക് എൻ.ഒ.സി നൽകുകയാണ്. യു.ഡി.എഫ് സർക്കാർ 10 മാസംകൊണ്ട് 250 ലേറെ വിദ്യാലയങ്ങൾക്ക് അനുമതി നൽകി കഴിഞ്ഞു. 5 വർഷവും ഈ സർക്കാർ തുടർന്നാൽ ഇത്തരത്തിൽ സി.ബി.എസ്.ഇ വിദ്യാലയങ്ങൾക്ക് അനുമതി നൽകിയാൽ ഏറ്റവും അധികം സി.ബി.എസ്.ഇ വിദ്യാലയങ്ങളുള്ള ഇന്ത്യൻ സംസ്ഥാനമെന്ന ഖ്യാതി നമുക്ക് നേടാനാകും അരനൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ് ഇന്ത്യയിലെ പെൻഷൻ പദ്ധതി. പെൻഷൻ അട്ടിമറിക്കാനുള്ള അണിയറ നീക്കങ്ങൾ ഇപ്പോഴും സജീവമാണ്. 2004 നുശേഷംസർവ്വീസിൽ വന്നവർക്കെല്ലാം പങ്കാളിത്തപെൻഷൻ എന്ന പദ്ധതിയെ എതിർത്തുതോൽപ്പിക്കേണ്ടതുണ്ട്. രണ്ടുമേഖലയിലേയും ഭൂരിഭാഗം അധ്യാപകരും 2004 നുശേഷം സർവ്വീസിൽ വന്നവരാണ്. ഇക്കാര്യത്തിൽ വലിയ പോരാട്ടങ്ങൾ ഇനിയും തുടരേണ്ടിവരും. ആഴ്ചയിൽ 6 ദിവസവും പണിയെടുക്കുന്നവരാണ് ഈ മേഖലകളിലെ അധ്യാപകർ. അതനുസരിച്ച് ജീവനക്കാർക്കെന്നതുപോലെ 20 കാഷ്വൽ ലീവ് അനുവദിക്കണമെന്ന ആവശ്യം സർക്കാർ തള്ളിക്കളഞ്ഞിരിക്കുകയാണ്.

യു.ഡി.എഫ്.സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി മേഖലകളിലെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് കെ.എസ്.ടി.എ യുടെ നേതൃത്വത്തിൽ വിവിധ സമരങ്ങൾ സംഘടിപ്പിച്ചു. അനിശ്ചിതകാലസമരം ഉൾപ്പെടെയുള്ള പ്രക്ഷോഭങ്ങൾ നടക്കുകയുണ്ടായി. സമരത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയും ഹയർസെക്കന്ററി ഡയറക്ടറും നൽകിയ ഉറപ്പുകളൊന്നും പാലിക്കപ്പെട്ടില്ല. അതുകൊണ്ടുതന്നെ കൂടുതൽ കരുത്തോടെ പ്രക്ഷോഭങ്ങൾ നാം ഏറ്റെടുക്കേണ്ടി വരും. അത്തരം പോരാട്ടങ്ങളിൽ അണിചേരണമെന്ന് പ്രബുദ്ധമായ അധ്യാപക സമൂഹത്തോട് സവിനയം അഭ്യർത്ഥിക്കുന്നു.

ഇത്തരം പ്രശ്നങ്ങളാകെ ഏറ്റെടുത്തുകൊണ്ട് കെ.എസ്.ടി.എ യുടെ നേതൃത്വത്തിൽ ഏപ്രിൽ 19 ന് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഏകദിനധർണ്ണ സംഘടിപ്പിക്കുകയാണ്. ധർണയും തുടർന്ന് നടക്കുന്ന പ്രക്ഷോഭങ്ങളും വിജയിപ്പിക്കണമെന്ന് എല്ലാ അധ്യാപകരോടും അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**കെ. എൻ. സുകുമാരൻ**
പ്രസിഡന്റ്

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി

**കേരളാ സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ**